G 6275

(Pages : 2)

Reg. No..................................

Name..................................

# B.Ed. (CREDIT AND SEMESTER) DEGREE EXAMINATION, JUNE 2017

Second Semester

EDU 205.12—CURRICULUM AND RESOURCE DEVELOPMENT IN MALAYALAM EDUCATION

(Regular/Supplementary—2015 Admission onwards)

Time : Two Hours

Maximum : 50 Marks

## Part A

താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും ഒരു മാർക്കു വീതം.

1. പാഠ്യപദ്ധതി തയ്യാറാക്കുന്നതിനാവശ്യമായ നാലു തത്വങ്ങൾ ചൂണ്ടിക്കാണിക്കുക.
2. വിദ്യാലയ ഗ്രന്ഥശാല പരമാവധി പ്രയോജനപ്പെടുത്താനുള്ള **രണ്ടു** മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
3. കെ.സി.എഫ് (K.C.F.) 2007-ൻെറ പൂർണ്ണ രൂപം എന്ത് ?
4. വ്യതിരിക്ത പാഠ്യപദ്ധതി (Disciplinary Curriculum) എന്നാൽ എന്ത് ?
5. ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ രചനകളെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന ഒരു ക്വിസ് മത്സരത്തിൽ ഉൾപ്പെടുത്താവുന്ന **രണ്ട്** ചോദ്യങ്ങൾ തയ്യാറാക്കുക.
6. ദ്രുത പഠിതാക്കളെ പ്രോത്സാഹിപ്പിക്കാനുള്ള **രണ്ടു** മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
7. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി അദ്ധ്യാപകൻ ചെയ്യാവുന്ന **രണ്ടു** പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക.
8. പാഠപുസ്തകങ്ങൾ കൊണ്ടുള്ള **രണ്ടു** പ്രയോജനങ്ങൾ എഴുതുക.
9. ഭാഷാപഠനത്തിൽ ഉപയോഗപ്പെടുത്താവുന്ന **രണ്ടു** റഫറൻസ് കൃതികളുടെ പേരെഴുതുക.
10. പാഠ്യപദ്ധതി നിർമ്മാണത്തിലെ ഉദ്ഗ്രഥന തത്വം എന്താണ് ?

(10 × 1 = 10 marks)

## Part B

താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും 2 മാർക്കു വീതം.

11. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഓർക്കേണ്ട വസ്തുതകൾ എന്തെല്ലാം ?
12. എന്താണ് ചാക്രിക പാഠ്യപദ്ധതി ?

Turn over

13. എട്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ഒരു ക്ലാസ്സ് ലൈബ്രറി തയ്യാറാക്കുന്നു. ഏതൊക്കെ വിഭാഗത്തിലുള്ള ഗ്രന്ഥങ്ങളാണ് നിങ്ങൾ അതിൽ ഉൾപ്പെടുത്തുക ?

14. ഭാഷാപഠനത്തിൽ ഗൃഹാന്തരീക്ഷത്തിന്റെ പ്രാധാന്യം എന്ത് ?

15. ഭാഷാദ്ധ്യാപകൻ വിദ്യാഭ്യാസ സാമൂഹ്യശാസ്ത്രം പഠിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുക.

16. ഭാഷാപഠനപ്രവർത്തനങ്ങളിൽ പ്രാദേശിക വിഭവങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട് എന്ന് പറയുന്നതിന്റെ ഏതെങ്കിലും **രണ്ടു** കാരണങ്ങൾ എഴുതുക.

**(5 × 2 = 10 marks)**

## Part C

താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും 4 മാർക്കു വീതം.

17. മാതൃഭാഷാ ബോധനത്തിലെ സാമൂഹ്യവിഭവങ്ങൾ ഏതെല്ലാം ?

18. പാഠപുസ്തകത്തിലേക്ക് പാഠഭാഗങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

19. പാഠ്യപദ്ധതി നിർമ്മാണത്തിലെ വ്യത്യസ്ത സമീപനങ്ങൾ ഏതെല്ലാം ?

20. അസാധാരണ സിദ്ധികളുള്ള പഠിതാക്കളുടെ പോഷണത്തിനായി നടത്തുന്ന അക്കാദമിക് ക്രമീകരണങ്ങൾ ഏതെല്ലാം ?

21. പഠന യാത്രയുടെ വിവിധ ഘട്ടങ്ങൾ എന്തെല്ലാം ?

22. പഠന വൈകല്യങ്ങൾ എന്നാൽ എന്ത് ? അവ ഏതെല്ലാം രീതിയിൽ കാണപ്പെടുന്നു ?

23. പാഠപുസ്തകത്തെ അറിവിന്റെ അടിസ്ഥാനമായി കണക്കാക്കാം. പുതിയ പാഠ്യപദ്ധതിയുമായി ബന്ധിപ്പിച്ച് ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

**(5 × 4 = 20 marks)**

## Part D

താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക.

24. വിവിധ തരം പാഠ്യപദ്ധതികൾ വിശദീകരിച്ച് കേരളത്തിലെ നിലവിലുള്ള പാഠ്യപദ്ധതിയെ വിലയിരുത്തുക.

25. ദൃശ്യ-ശ്രാവ്യോപകരണങ്ങളുടെ പ്രയോജനങ്ങൾ എന്തെല്ലാം ? മലയാള ഭാഷാദ്ധ്യാപനത്തിന് ഉപയോഗിക്കാവുന്ന ദൃശ്യ-ശ്രാവ്യോപകരണങ്ങളെ പരിചയപ്പെടുത്തുക.

**(10 × 1 = 10 marks)**